**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5419** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിൽ നിന്ന് വിദ്യാഭ്യാസ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഇപ്പോൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സഹകരണ ബാങ്കുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും നിലവിൽ വിദ്യാഭ്യാസ വായ്പ നൽകി വരുന്നുണ്ട്. |
| (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ സമയത്ത് ഗ്രാമീണ മേഖലയിൽ കൂടുതൽ ആളുകൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (ബി) | സഹകരണ ബാങ്കുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും നിലവിൽ വിദ്യാഭ്യാസ വായ്പ നൽകി വരുന്നുണ്ട്. |
| (സി) | എങ്കിൽ സഹകരണ മേഖലയിൽ നിന്നും കൂടുതൽ വായ്പ അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (സി) | നിലവിൽ വിദ്യാഭ്യാസ ആവശ്യത്തിനായി സഹകരണ ബാങ്കുകൾ/സംഘങ്ങൾ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വായ്പ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയോടനുബന്ധിച്ച് കോവിഡ് കാലത്ത് ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ വഴി മൊബൈൽ ഫോൺ വാങ്ങുന്നതിന് വേണ്ടി പലിശ രഹിത വായ്പ നൽകുന്നതിലേയ്ക്കായി വിദ്യാ തരംഗിണി എന്ന പേരിൽ ഒരു പദ്ധതി 2021 ജൂലൈ 31 വരെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതുവരെ 64,132 വായ്പകളിലായി 60,99,28,569/- രൂപാ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ